## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **890** 29.09.2016 ൽ മറുപടിയ്ക്ക്

### <u>പുനരധിവാസ നടപടി</u>

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ.ആന്റണി ജോൺ** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | 2013 -ലെ വെള്ളപ്പൊക്കത്തിൽ, വീടും സ്ഥലവും നഷ്ടപ്പെട്ട് കോതമംഗലം ഭൂതത്താൻകെട്ട് പി. വി. ഐ. പി കനാൽ പുറമ്പോക്കിൽ കുടിൽ കെട്ടി താമസിക്കുന്ന 15 കുടുംബങ്ങളുടെ പുനരധിവാസ നടപടിയുടെ നിലവിലെ സ്ഥിതിയെന്താണ്; | 15 കുടുംബങ്ങൾ നിലവിൽ പിണ്ടിമന വില്ലേജിലെ വെള്ളം കെട്ടിച്ചാൽ പ്രദേശത്ത് തന്നെ തുടരുന്നു. ഇവരെ ഒരുമിച്ച് പുനരധിവസിപ്പിക്കുന്നതിന് PVIP വക സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇവരുടെ പുരനരധിവാസ നടപടി അടിയന്തരമായി പൂർത്തീകരിക്കാനാകുമോ; | കീരമ്പാറ വില്ലേജിലെ PVIP അക്വയർ ചെയ്ത സ്ഥലമാണ് പുനരധിവാസത്തിന് കണ്ടെത്തിയിട്ടുള്ളത്. ടി സ്ഥലം PVIP സറണ്ടർ ചെയ്ത് റവന്യൂ പുറമ്പോക്കായി മാറ്റുന്ന മുറയ്ക്ക് പട്ടയ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | ഇക്കാര്യത്തിൽ സർക്കാർ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ